കാലിക്കറ്റ് സർവകലാശാല

നമ്പർ. 69048/DOA-ASST-1/2022/Admn

തീയതി: 29.08.2022

## സർക്കുലർ

വിഷയം:- 2022-23 അധ്യായന വർഷത്തെ ബിരുദ കോഴ്സുകളുടെ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട്.

## യു ജി ക്യാപ്പ് -2022/സർക്കുലർ - 8

1. 2022-2023 അധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ മൂന്നാമത്തെ അലോട്ട്മെന്റ് 27.08.2022-ന് പ്രസിദ്ധീകരിച്ചു .
2. പ്രവേശന നടപടികൾ ആരംഭിക്കുന്നതിന് മുൻപ്, നേരത്തെ **താൽക്കാലിക** (Temporary) പ്രവേശനം നേടിയ മുഴുവൻ വിദ്യാർത്ഥികളെയും അഡ്മിഷൻ ലിങ്കിൽ നിന്നും **റിമൂവ്** ചെയ്യേണ്ടതാണ്.
3. അഡ്മിഷൻ എടുക്കുന്നതിന് മുൻപ് എല്ലാ നോഡൽ ഓഫീസർമാരും "View Admission" എന്ന ലിങ്കിൽ ഏതെങ്കിലും വിദ്യാർത്ഥികളുടെ നേരെ "Category Change" എന്ന് കാണിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെ റിമൂവ് ചെയ്ത് കാറ്റഗറി മാറ്റി അഡ്മിഷൻ നൽകേണ്ടതാണ്. അല്ലാത്തപക്ഷം അഡ്മിഷൻ നൽകുമ്പോൾ സീറ്റ് പരിധി അധികരിച്ചു എന്ന് കാണിക്കുകയും അഡ്മിഷൻ എടുക്കാൻ സാധിക്കാതെ വരുന്നതുമാണ്.
4. സ്ഥിര പ്രവേശനം നേടുന്നതിനായി ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതില്ല .
5. പുതുതായി അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളോടും മാൻഡേറ്ററി ഫീസ് അടയ്ക്കുന്നതിനും അലോട്ട്മെന്റ് ലഭിച്ച കോളേജിൽ റിപ്പോർട്ട് ചെയ്ത് സ്ഥിരം (പെർമനെന്റ്) അഡ്മിഷൻ എടുക്കുന്നതിനും നിർദ്ദേശിക്കേണ്ടതാണ്.
6. അലോട്ട്മെന്റ് ലഭിച്ചവർക്കും അല്ലാതെയുള്ള അഡ്മിഷൻ ലഭിച്ചവർക്കും മാൻഡേറ്ററി ഫീസ് അടയ്ക്കാനുള്ള സൗകര്യം 01.09.2022 ന് വൈകിട്ട് 4.00 മണിവരെ ഉണ്ടായിരിക്കുന്നതാണ്. സ്റ്റുഡന്റ് ലോഗിൻ വഴിയാണ് മാൻഡേറ്ററി ഫീസ് അടവാക്കേണ്ടത് . അലോട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ അഡ്മിഷൻ പ്രക്രിയ, അപ്‌ലോഡിങ്ങ് എന്നിവ **01.09.2022-വൈകിട്ട് 5.00 മണിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ് .**
7. മൂന്നാം അലോട്ട്മെന്റിനുശേഷം എല്ലാ വിദ്യാർത്ഥികളോടും സ്ഥിരം അഡ്മിഷൻ എടുക്കുന്നതിന് നിർദ്ദേശിക്കേണ്ടതാണ്. ഓരോ കോളേജിലും രണ്ടാമത്തെ അലോട്ട്മെന്റിനു ശേഷം താത്ക്കാലിക അഡ്മിഷൻ എടുത്തിട്ടുള്ളവരും എന്നാൽ മൂന്നാം അലോട്ട്മെന്റിൽ മാറ്റമൊന്നും ലഭിക്കാത്തവരോടും സ്ഥിരം അഡ്മിഷൻ എടുക്കുന്നതിന് നിർദ്ദേശിക്കേണ്ടതാണ്.
8. മൂന്നാം അലോട്ട്മെന്റ് ലഭിച്ച എല്ലാവർക്കും അഡ്മിറ്റ് കാർഡ് മാത്രമേ ലഭ്യമാവുകയുള്ളൂ .

9. 2022-23 അദ്ധ്യായന വർഷത്തെ **ഒന്നാം സെമസ്റ്റർ ബിരുദ ക്ലാസുകൾ 30.08.2022 ന് ആരംഭിക്കേണ്ടതാണ് .**
10. 2022-23 അദ്ധ്യായന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള അവസാന തിയതി 28.10.2022 ആയിരിക്കും .
11. മാനേജ്മെന്റ് ക്വോട്ട പ്രവേശനം 28.10.2022 തിയതി വരെ തുടരാവുന്നതാണ് .
12. ഇൻഡക്സ് മാർക്കിൽ കുറവ് വന്നാൽ മുൻ സർക്കുലറുകളിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. അപേക്ഷയിലെ തിരുത്തലുകൾ സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. വിദ്യാർത്ഥികൾക്ക് എല്ലാ വിധ തിരുത്തലുകൾക്കുമുള്ള എഡിറ്റിങ് സൗകര്യം 01.09.2022 ശേഷം ലഭ്യമാക്കും.

Arsad M
Assistant Registrar

സ്വീകർത്താവ്

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / സർവക ലാശാലാ പഠനവകുപ്പ് / സെന്ററുകൾ
2. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട നോഡൽ ഓഫീസർമാർ